Mathrubhumi 22-11-18, P-02

# ആനക്കൊമ്പൻ വെണ്ടയ്ക്ക ഗിന്നസ് ബുക്കിലേക്ക്

**ചാവക്കാട്** ▸ ഒരിഞ്ച് വലുപ്പക്കൂടുതലുമായി പാലയൂർ തലക്കോട്ടൂർ ടി.എഫ്. ജോണിൻെറ വീട്ടുവളപ്പിൽ വിളഞ്ഞ ആനക്കൊമ്പൻ വെണ്ടയ്ക്ക ഗിന്നസ് ബുക്കിലേക്ക്.

കാൽ നൂറ്റാണ്ടിലേറെയായി ജൈവപച്ചക്കറി കൃഷി നടത്തുന്ന ജോണിൻെറ ആനക്കൊമ്പൻ വെണ്ടയും ഗിന്നസ് ബുക്കും തമ്മിലുള്ള അകലത്തിനിടയിൽ ഇനിയുള്ളത് ചില സാങ്കേതിക നടപടികൾ മാത്രം. കഴിഞ്ഞ ദിവസം മുറ്റത്തും ടെറസിലും വളർന്നുനിന്ന ആനക്കൊമ്പൻ വെണ്ട വിളവെടുത്തപ്പോഴാണ് ജോൺ അവയുടെ അളവെടുത്തത്. വിളവെടുത്ത അമ്പതോളം വെണ്ടയ്ക്കകളിൽ ഒരെണ്ണത്തിന് 19 ഇഞ്ച് വലുപ്പമുണ്ടായിരുന്നു. നിലവിൽ ഗിന്നസ് ബുക്കിൽ കയറിയ ഏറ്റവും വലിയ വെണ്ടയ്ക്കയുടെ വലുപ്പം 18 ഇഞ്ചാണെന്നാണ് ജോണിന് ലഭിച്ചിരിക്കുന്ന വിവരം.

ഞെട്ടി മുതലുള്ള അളവെടുത്താൽ ജോണിൻെറ കൈവശം ഇപ്പോഴുള്ള വെണ്ടക്കയുടെ വലുപ്പം 21 ഇഞ്ച് ആകും. വിവരം അറിയിച്ചതിനെത്തുടർന്ന് വെണ്ടയ്ക്ക കണ്ട് വിലയിരുത്താൻ കൃഷി ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. കൃഷി വകുപ്പിൽനിന്ന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭിച്ചാൽ ഇത് ഗിന്നസ് ബുക്കിലേക്ക് കയറും.



19 ഇഞ്ച് വലുപ്പമുള്ള വെണ്ടയ്ക്കയുമായി ജോൺ തൻെറ കൃഷിയിടത്തിൽ

25 വർഷം മുമ്പാണ് നാടൻ വെണ്ടയ്ക്കകൃഷി ജോൺ ആരംഭിക്കുന്നത്. വിവിധയിനം വാഴകൾ, മരച്ചീനി, പയർ, മത്തങ്ങ, കുമ്പളം, കൂർക്ക തുടങ്ങിയവയും ജോണിൻെറ കൃഷിയിടത്തിലുണ്ട്.

നഗരസഭയുടെ മികച്ച ജൈവ സമഗ്ര കൃഷി വിഭാഗത്തിൽ മികച്ച കർഷകനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പാലയൂർ കാർഷിക ക്ലബ്ബിൻെറ കൺവീനർകൂടിയാണ് ജോൺ.